പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4700

26-06-2019-ൽ മറുപടിക്ക്

## കുറ്റ്യാടി പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതി

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതിയിൽ ചെറിയാഞ്ചി,കന്നമ്മൽ,കാക്കുനി എന്നീ പാടശേഖരങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) | വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പദ്ധതിയിൽ ചെറിയാണ്ടികുന്നമ്മൽ, കാക്കുനി പാടശേഖരങ്ങളുടെ വികസനപ്രവർത്തിക്കായി 99.55 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ആർ.ഐ.ഡി.എഫ് XIX പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ തുക അനുവദിച്ചത്;പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ആർ.ഐ.ഡി.എഫ് XIX പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ കരാർ കാലാവധിക്ക് മുമ്പ് സ്വകാര്യ വ്യക്തികളിൽ നിന്നും വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ ഇടപെടൽ മൂലം പ്രവൃത്തി നടത്തേണ്ട ചില സ്ഥലങ്ങൾ ലഭ്യമായെങ്കിലും കരാർ കാലാവധി കഴിഞ്ഞതിനാൽ കരാറുകാരൻ പ്രവൃത്തി തുടങ്ങിയിട്ടില്ല. ആർ.ഐ.ഡി.എഫ് XIX 2019 ജൂൺ 15 മുമ്പ് പൂർത്തീകരിക്കണം എന്നതിനാൽ പ്രസ്തുത പദ്ധതി ഇനി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. |
| (സി) | ഇവിടെ പമ്പ്ഹൗസ്, ടാങ്ക്, ടില്ലർ, ബണ്ട് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | കരാർ കാലാവധിക്ക് മുമ്പ് സ്ഥലം ലഭ്യമാവാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ കുറിച്ചകം,പാവുള്ളാട്ട വയൽ, കുഴിവയൽ പാടശേഖരവികസന പദ്ധതിക്ക് എത്ര രൂപയാണ് | (ഡി) | കുറിച്ചകം, പാവുള്ളാട്ട് വയൽ, കുഴിവയൽ പാടശേഖരങ്ങളുടെ പ്രവൃത്തിക്കായി ആകെ 99.90 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഇതിൽ കുറിച്ചകം പാടശേഖരത്തിന്റെയും, |

| | | | |
|---|---|---|---|
| | വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾ ഏതുഘട്ടത്തിലാണ്; | | കഴിവയൽ പാടശേഖരത്തിന്റെയും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചു. എന്നാൽ പാവുള്ളാട്ടു വയൽ പാടശേഖരത്തിന്റെ കാപ്പ നവീകരണ പ്രവൃത്തി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ ജനപ്രതിനിധികൾ ഉൾപ്പെടെ ഇടപെട്ടിട്ടും പ്രസ്തുത .സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കം പരിഹരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയിൽ ഇതുവരെ ആകെ 61,70,514/- (അറുപത്തിയൊന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ നാരായണിനട,വാച്ചാൽനട, തീക്കുനി എന്നീ പാടശേഖര വികസന പ്രവർത്തികൾക്ക് വകയിരുത്തിയ തുക എത്ര; പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ഇ) | നാരായണിനട,വാച്ചാൽനട, തീക്കുനി എന്നീ പാടശേഖരങ്ങളിൽ വികസന പ്രവർത്തികൾക്കായി ആകെ 152.28 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി മൂന്ന് പാടശേഖരങ്ങളിലും റോഡിന്റെ പാർശ്വഭിത്തി സംരക്ഷണം ആണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ വർഷത്തിൽ മുഴുവൻ സമയവും മഴവെള്ളം അല്ലെങ്കിൽ കുറ്റ്യാടി ഇറിഗേഷൻ കനാൽ വെള്ളം കാരണം ഒരു മീറ്ററിൽ അധികം വെള്ളം തോടിൽ ഉണ്ടാകുന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കുടിവെള്ള പ്രശ്നം കാരണം കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ ബ്രാഞ്ച് അടച്ചുവെയ്ക്കാൻ സാധിക്കാത്തതുമൂലമാണ് വേനൽക്കാലത്തും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. |
| (എഫ്) | പദ്ധതിയിൽപ്പെട്ട പെരുവയൽ പാടശേഖര വികസന പദ്ധതിക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എഫ്) | പെരുവയൽ പാടശേഖര വികസന പ്രവൃത്തിക്കായി ആകെ 160.80 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിൽ എടപ്പലത്ത് താഴെ-അടിവയൽ ഫാം റോഡിന്റെ നിർമ്മാണം പൂർണ്ണമായും, തോട്ടുകോവുമ്മൽ-മുഴിക്കൽ തോട് സംരക്ഷണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് ഹൗസുകളുടെ സ്ഥലം ലഭ്യമാവാത്തതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട തോട്ടുകോവുമ്മൽ വി.സി.ബി, അടിവയൽ കാക്കുർ പുനരുദ്ധാരണം എന്നിവയ്ക്ക് തടസ്സങ്ങൾ ഇല്ലായിരുന്നെങ്കിലും കരാറുകാരനെ നിരന്തരം ബന്ധപ്പെട്ടിട്ടും അദ്ദേഹം അത് ആരംഭിച്ചിട്ടില്ല. നിലവിൽ 30 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയോളം വിലമതിക്കുന്ന പ്രവൃത്തി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. ടിയാന്റെ പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി 22-03-2017 തീയതിയിൽ അവസാനിച്ചെങ്കിലും കരാർ പുതുക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും കരാറുകാരന്റെ ഭാഗത്തു നിന്നും യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. |
| (ജി) | പദ്ധതിയിൽ ഉൾപ്പെട്ട തെയ്യാട്ടുതാഴെ,ശാന്തിനഗർ ,ചെറുകുന്ന് പാടശേഖര വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പദ്ധതിയുടെ ഭാഗമായുള്ള ഊരാത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത് ) വികസന പ്രവർത്തിക്ക് അനുവദിച്ച തുക എത്ര; പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ജി) | തെയ്യാട്ടുതാഴെ,ശാന്തിനഗർ ,ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്ക് ആകെ 144.33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മൂന്നു പ്രവൃത്തികളും പൂർണ്ണമായും പൂർത്തീകരിച്ച് 139.47785 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>കുറ്റ്യാടി പഞ്ചായത്തിലെ ഊരാത്ത് വടയം പാടശേഖരത്തിലെ വികസന പ്രവൃത്തികൾക്കായി 196.73 ലക്ഷം രൂപയാണ് അനുവദിച്ചത്. എന്നാൽ പ്രവൃത്തി ആരംഭിച്ച സമയത്ത് പരിസ്ഥിതി പ്രവർത്തകർ എന്ന് അവകാശപ്പെട്ട് എത്തിയ ഒരു കൂട്ടം വ്യക്തികൾ പ്രവൃത്തി തടസ്സപ്പെടുത്തി പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും നിരവധി തവണ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നെങ്കിലും പ്രസ്തുത തടസ്സം നീക്കാൻ സാധിക്കാത്തതിനാൽ കരാറുകാരൻ രേഖാമൂലം പ്രസ്തുത പ്രവൃത്തിയിൽ നിന്നും പിൻമാറുകയാണ് ഉണ്ടായത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ